**മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്**
**റൈറ്റ് റവ. മാത്യൂസ് മാർ സെറാഫീം എപ്പിസ്ക്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ - 04

കർത്താവിൽ പ്രീയരെ,

'ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകൻ' എന്ന ദർശന സാക്ഷാത്ക്കാരമായി 1924-ൽ ആരംഭിച്ച മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തന പന്ഥാവിൽ അനുഗ്രഹീതമായ ഒരു നൂറ്റാണ്ട് പിന്നിട്ടു. സംഘം പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവ കൃപക്ക് സ്തോത്രം ചെയ്യാം. കാലാകാലങ്ങളിൽ സംഘത്തെ നയിക്കുന്നതിന് തക്കതായ ആളുകളെ ദൈവം ഒരുക്കുന്നു. നേതൃത്വം നൽകിയ തിരുമേനിമാർ, വൈദീകർ, അത്മായ നേതാക്കൾ എന്നിവരുടെ നേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കാം

ശതാബ്ദിയോട് അനുബന്ധിച്ച് സംഘം ഏറ്റെടുത്ത വിവിധ കർമ്മ പദ്ധതികളിൽ മിക്കതും പൂർത്തീകരിക്കുന്നതിന് ദൈവം അവസരം നൽകി. സുന്ദരപാണ്ഡ്യപുരത്ത് വിശ്വാസ സമൂഹത്തിന് കൂടിവരുന്നതിനുള്ള ആരാധനാലയവും മിഷൻവീടും ആണ് ഇനി പൂർത്തിയാകുവാൻ ഉള്ളത്. വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം.

സംഘത്തിന്റെ അച്ചൻകോവിൽ, കൽക്കുളം, മുക്കട, സുന്ദരപാണ്ഡ്യപുരം, സുരണ്ടൈ എന്നീ മിഷൻഫീൽഡുകളുടെ അനുഗ്രഹീതമായ പ്രവർത്തനങ്ങൾക്കും പ്ലാറ്റിനം ജൂബിലി പിന്നിട്ട സ്വമേധാ സുവിശേഷകരുടെ പരിശീലന കേന്ദ്രമായ ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കും ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ കോഴ്സുകളിൽ പങ്കെടുക്കുവാൻ വിശ്വാസ സമൂഹത്തെ ഒരുക്കുവാൻ ശ്രദ്ധിക്കുമല്ലോ. സംഘത്തിന്റെ ഗോസ്പൽ ടീം പ്രവർത്തനങ്ങൾ ഇടവകകൾ പ്രയോജനപ്പെടുത്തണം. കൊമ്പാടിയിൽ എല്ലാ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച ക്രമീകരിക്കുന്ന മുഴുരാത്രി പ്രാർത്ഥന, രണ്ടാം ചൊവാഴ്ചകളിലെ ധ്യാനം, മൂന്നാം ബുധനാഴ്ചകളിൽ നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയിൽ പ്രാർത്ഥനയോടെ വിശ്വാസ സമൂഹം പങ്കെടുക്കണം.

ഈ വർഷം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 5 വരെ സംഘവാരമായും ഒക്ടോബർ 5 സംഘ ദിനമായും ക്രമീകരിക്കുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനായി സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച ഡപ്യൂട്ടേഷൻ ക്രമീകരിക്കുന്നു. ഇടവകകൾ സന്ദർശിക്കുന്നവർക്ക് ആവശ്യമായ അവസരങ്ങൾ നൽകുവാൻ വികാരിമാർ ശ്രദ്ധിക്കണം. സംഘത്തിന്റെ ഏഴിന പരിപാടികൾ ഇടവക തലത്തിൽ ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

സംഘദിനത്തിലെ സ്തോത്രകാഴ്ചയാണ് സംഘത്തിന്റെ പ്രധാന വരുമാന മാർഗം. ഈ വർഷം 40 ലക്ഷം രൂപയാണ് സ്തോത്രകാഴ്ചയായി പ്രതീക്ഷിക്കുന്നത്. സംഘദിനത്തിൽ പ്രത്യേകം തയാറാക്കി ഇടവകകളിൽ നൽകിയിരിക്കുന്ന കവറുകളിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനും കാലതാമസം കൂടാതെ ജനറൽ സെക്രട്ടറി, മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം, കൊമ്പാടി, മഞ്ഞാടി പി. ഒ, തിരുവല്ല എന്ന വിലാസത്തിൽ എത്തിക്കുവാൻ ഇടവകചുമതലക്കാരും ഇടവകമിഷൻ പ്രവർത്തകരും ശ്രദ്ധിക്കണം.

പ്രീയരെ, ആയിരിക്കുന്ന ഇടങ്ങളിൽ കർത്താവിന്റെ വിശ്വസ്ത സാക്ഷികളായി നിലകൊള്ളുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി നമുക്ക് കർത്താവിന്റെ വേല ചെയ്യാം. തണ്ടിൻമേൽ തെളിച്ച വിളക്കുപോലെ അനേകർക്ക് വെളിച്ചം പകരാം..

**കർത്താവിന്റെ കൃപ നാമെല്ലാവരോടും കൂടെയിരിക്കുമാറാകട്ടെ!**

**ക്രിസ്താബ്ദം 2025 ആഗസ്റ്റ് 30-ാം തീയതി അടൂർ ഹെർമ്മോൻ അരമനയിൽ നിന്നും**

**മാത്യൂസ് മാർ സെറാഫീം എപ്പിസ്ക്കോപ്പാ**
**സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്**

നയിക്കുന്ന അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സംഘം പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പാ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, സുവിശേഷകർ, ഇതര ചുമതലക്കാർ തുടങ്ങിയ എല്ലാവരെയും ഉത്സാഹത്തോടെ നിലനിർത്തണമെന്ന് ഞങ്ങൾ യാചിക്കുന്നു.

പ്രതി : ***ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കണമേ***

ലീഡർ : സംഘത്തിന്റെ മിഷൻ മേഖലകളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദരപാണ്ഡ്യപുരം, സുരണ്ടൈ, അവിടെ പ്രവർത്തിക്കുന്ന സുവിശേഷകർ, കൊമ്പാടി എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ഗോസ്പൽ ടീം, ധ്യാനകേന്ദ്രം, ശതാബ്ദി പ്രോജക്റ്റുകൾ, ജീവകാരുണ്യ പദ്ധതികൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളെയും, ക്രിസ്തുവിൽ പകരപ്പെട്ടിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽ ജീവിതം ക്രിയാത്മകമാക്കാൻ യത്നിക്കുന്ന എല്ലാവരെയും നിന്റെ കൃപയിൽ കാക്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.

പ്രതി : ***ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കണമേ. .***

## സമർപ്പണ പ്രാർത്ഥന

**(എല്ലാവരും ചേർന്നു ചൊല്ലാം)**

പ്രിയ പിതാവേ, ദൗത്യ നിർവഹണത്തിനായി അവിടുന്നു ഞങ്ങളെ നിയോഗിച്ചിരിക്കുന്നുവല്ലോ. ആ നിയോഗത്തിൽ ഉൾച്ചേർന്നിരിക്കുന്ന സാക്ഷ്യ വഴികളെ തിരിച്ചറിയാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹം, കരുണ, നീതി, ഇവയുടെ വർത്തമാനകാല സംവേദകരായി ഞങ്ങളെ രൂപാന്തരപ്പടുത്തേണമേ. ക്രിസ്തീയ ശിഷ്യത്വത്തിന്റെ ശുശ്രൂഷാപരമായ തലങ്ങളെ സ്വീകരിപ്പാനുള്ള മനസ്സൊരുക്കം ഞങ്ങളിൽ ഉണർത്തണമേ. ഞങ്ങളുടെ ജീവിതം പൊള്ളയായ പൊങ്ങച്ചങ്ങളിലേക്ക് വഴുതി വീഴാതിരിപ്പാൻ ഉൾക്കാഴ്ചയുള്ള അന്വേഷണങ്ങൾക്ക് ഞങ്ങളെ സഹായിക്കേണമേ. എകാഗ്രമായ വായനയും ധ്യാനവും പകരുന്ന ആളത്ത പക്വതയിൽ മുതിർന്നു ക്രിസ്തീയ മൂല്യങ്ങളുടെ സംവാഹകരും അതിൽ ജീവിക്കുന്നവരുമായിരിപ്പാൻ ഞങ്ങളെ തുണക്കേണമേ. ഞങ്ങൾ അനുദിനം ഇടപെടുന്ന സാമൂഹിക, ദൈവാലയ, ഗാർഹിക ഇടങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങനെ തികവുള്ള ദൈവജനം എന്ന സാക്ഷ്യത്തിനായി ഞങ്ങളെ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു - ആയത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽതന്നെ ആമേൻ



### മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം

# സംഘദിന ആരാധനക്രമം

## 2025 ഒക്ടോബർ 5 ഞായർ

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

"യഹോവയെ സ്തുതിപ്പിൻ. ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണഹൃദയത്തോടെ യഹോവയ്ക്ക് സ്തോത്രം ചെയ്യും" (സങ്കീ. 111: 1).

**പാട്ട്** .

**കൗമ്മാ**

## പ്രാരംഭ പ്രാർത്ഥന

സകല നന്മകളുടെയും ഉറവിടമായ പിതാവാം ദൈവമേ, അങ്ങയുടെ തിരുസന്നിധിയിൽ വിനയ ഹൃദയരായി ഒരുമനസ്സോടെ അടുത്തുവരുന്നു. അങ്ങയുടെ തിരുസാന്നിധ്യം ഈ ആരാധനയിൽ നിഴലിക്കേണമേ. ആത്മാവിൽ കപടമില്ലാതെ തെളിഞ്ഞ മനസ്സോടും അതിരറ്റ വിനയത്തോടും കൂടെ നിന്നെ ആരാധിപ്പാൻ ഞങ്ങളുടെ ശരീരാത്മ ദേഹികളെ ഒരുക്കണമേ. അങ്ങയുടെ മുമ്പിൽ നിൽക്കുമ്പോൾ ഞങ്ങളിൽ വാഴുന്ന കറകളെ തിരിച്ചറിഞ്ഞും കപട ഭാവങ്ങളെ തിരുത്തിയും ശിശുതുല്യമായ നൈർമല്യത്തിന്റെ വിശുദ്ധി ആന്തരികതയിൽ അനുഭവിപ്പാൻ കൃപ പകരേണമേ. സുവിശേഷത്തിന്റെ സാക്ഷികളായി സഭയിലും സമൂഹത്തിലും പ്രവർത്തിപ്പാൻ ഞങ്ങളെ ശക്തീകരിച്ച അങ്ങയുടെ കൃപാവരങ്ങൾക്കായി സ്തോത്രം. പിന്നിട്ട 101 വർഷം തലമുറകളിലുടെ അനുസ്യൂതം ഒഴുകിയ ആ സാക്ഷ്യ പ്രവാഹം വറ്റിപ്പോകാതെ ഇന്നും തുടരാൻ പകരുന്ന എല്ലാ ആത്മപ്രേരണകൾക്കായും നന്ദികരേറ്റുന്നു. ഈ ദിനാഘോഷം അതിനുള്ള ഒരുക്ക ശുശ്രൂഷയാക്കി തീർക്കേണമേ. ഹൃദയങ്ങളെ നിങ്കലേക്ക് ഉയർത്തി ബലഹീന അധരങ്ങളാൽ നിന്നെ സ്തുതിക്കുമ്പോൾ കൃപയുടെ സമൃദ്ധി ഞങ്ങളിലേക്ക് പകരണമേ. ആയത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽത്തന്നെ. ആമേൻ.

## അനുതാപ പ്രാർത്ഥന

*"എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ"* (സങ്കീ.51: 2).

***"ഞങ്ങളോട് ക്ഷമിച്ച്, ദൈവജനം എന്ന ബോധ്യത്തിൽ ജീവിപ്പാൻ പ്രാപ്തരാക്കേണമേ"*** എന്ന് പ്രതിവാക്യമായി പറയണം

ലീഡർ : "എന്റെ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു." ദൈവജനം എന്ന ഉത്തരവാദിത്തത്തിന്റെ തീക്ഷ്ണത ഉള്ളിൽ പേറാതെ അലക്ഷ്യമായി ജീവിച്ചുപോന്ന ഞങ്ങളുടെ കുറവുകളെ ദൈവമേ...

പ്രതി : ***ഞങ്ങളോട് ക്ഷമിച്ച്, ദൈവജനം എന്ന ബോധ്യത്തിൽ ജീവിപ്പാൻ പ്രാപ്തരാക്കേണമേ***

ലീഡർ : "നിങ്ങളിൽ ഒരുവൻ, എന്നോടുകൂടെ ഭക്ഷിക്കുന്നവൻ തന്നെ, എന്നെ കാണിച്ചുകൊടുക്കും". ക്രിസ്തുവിൽ ആയിരിക്കുമ്പോഴും ക്രിസ്തുമനസ്സിനെ ആഴത്തിൽ തൊടാതെ പൊയ്മുഖങ്ങളുടെ ആവരണം പേറി ജീവിച്ചുപോകുന്ന ഞങ്ങളുടെ കുറവുകളെ ദൈവമേ....

പ്രതി : ***ഞങ്ങളോട് ക്ഷമിച്ച്, ദൈവജനം എന്ന ബോധ്യത്തിൽ ജീവിപ്പാൻ പ്രാപ്തരാക്കേണമേ***

ലീഡർ "കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊള്ളാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല". ക്രിസ്തു പകരുന്ന ഹൃദയ വിശാലതയുടെ ആഴം ഗ്രഹിച്ചിട്ടും മറുതലിപ്പിന്റെ ഹൃദയ കാഠിന്യത്തിനുള്ളിൽ ജിവിച്ചു പോയ ഞങ്ങളുടെ കുറവുകളെ ദൈവമേ...

പ്രതി : ***ഞങ്ങളോട് ക്ഷമിച്ച്, ദൈവജനം എന്ന ബോധ്യത്തിൽ ജീവിപ്പാൻ പ്രാപ്തരാക്കേണമേ***

**ദൈവജനത്തിന്റെ ദൈവാനുഭവ സ്മരണകളെ ധ്യാനിച്ച് സ്തോത്രം ചെയ്യാം**
***"ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"***
എന്ന് പ്രതിവാക്യമായി പറയണം

ലീഡർ : "എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു; ഊഴിയവിചാരകർ നിമിത്തമുള്ള അവരുടെ നിലവിളികേട്ടു: അവരുടെ സങ്കടങ്ങൾ



അറിയുന്നു. അവരെ മിസ്രയീമ്യരുടെ കൈയിൽനിന്നും വിടുവിപ്പാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു". ദൈവജനത്തിന്റെ പതറിപ്പോകുന്ന അനുഭവങ്ങളിൽ കൂടെയിരുന്നു ഭാവിയെ രൂപ്പപ്പെടുത്തുന്ന ദൈവത്തിന്റെ അനന്തമായ കൃപാ വരങ്ങൾക്കായി ദൈവമേ...

പ്രതി : ***ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

ലീഡർ: "യെരുശലേമിലും യെഹൂദ്യായിലും എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും". ഒരു ചെറിയ ബിന്ദുവിൽ നിന്നും ആരംഭിച്ച് ലോകത്തെ കീഴ്മേൽ മറിച്ച സുവിശേഷത്തിന്റെ ഇന്നത്തെ സാക്ഷികളായിരിപ്പാൻ ഞങ്ങളിൽ പകർന്നിരിക്കുന്ന അത്യന്ത ശക്തിയ്ക്കായി ദൈവമേ...

പ്രതി : ***ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

ലീഡർ : "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും....ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല". എല്ലാ അന്ധകാര ശക്തികളും നിർമാർജ്ജനം ചെയ്യപ്പെടുമെന്ന് ദൈവജനത്തിന് നൽകപ്പെട്ടിരിക്കുന്ന ഭാവി പ്രത്യശക്കായി ദൈവമേ....

പ്രതി : ***ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

## മദ്ധ്യസ്ഥ പ്രാർത്ഥന

***"ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കണമേ"***

എന്ന് പ്രതിവാക്യമായി പറയണം

ലീഡർ : നിരവധി പ്രശ്നങ്ങളുടെ മുമ്പിലാണ് ഞങ്ങൾ എത്തിനില്ക്കുന്നത്. യുദ്ധങ്ങൾ, അഭയാർത്ഥി പ്രവാഹം, അസമത്വം, ന്യുനപക്ഷവിവേചനം, ഗാർഹികപീഡനങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, അമിതമാകുന്ന ലഹരി ഉപയോഗം എല്ലാം അനുദിനം രൂക്ഷമാകുകയാണ്. ഇതിനുള്ളിൽ അനാഥമാക്കപ്പെടുന്ന മനുഷ്യർ, പ്രത്യേകിച്ച് സ്ത്രീകൾ, കുഞ്ഞുങ്ങൾ അവരുടെ സമാധാനത്തിനും മോചനത്തിനുമായി ഞങ്ങൾ യാചിക്കുന്നു.

പ്രതി : ***ദൈവമേ, ഞങ്ങളുടെ അപേക്ഷ കേൾക്കണമേ***

ലീഡർ : സംഘത്തിന്റെ ദൗത്യ വഴികളിൽ സജീവ സാക്ഷികളായ ഇടവക മിഷൻ അംഗങ്ങൾ, സെന്റർ-ഭദ്രാസന-കേന്ദ്രതല പ്രവർത്തകർ, സഭയെ